**വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഒൻട്രപ്രണേഴ്സ് രജിസ്റ്റേർഡ് സൊസൈറ്റി**

(സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് (1955)പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്)

**നിയമാവലി**

**I. സംഘടനയുടെ പേര്**: സംഘടനയുടെ പേര് 'വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഒൻട്രപ്രെണേഴ്സ് രജിസ്റ്റേർഡ് സൊസൈറ്റി' എന്നാകുന്നു.

**II. ഓഫീസ് മേൽവിലാസം**: സംഘടനയുടെ ഓഫീസ് മേൽവിലാസം കെട്ടിടനമ്പർ. കെട്ടിട നമ്പർ. 13/750, ട്രിനിറ്റി കോളേജ് ബിൽഡിംഗ്, ടെലിഫോൺ ഭവന് എതിർവശം, എ.സി,റോഡ്, ചേർത്തല, കേരളം, ഇന്ത്യ പിൻ.688524 എന്നാകുന്നു.

**III. രജിസ്റ്റേർഡ് സംസ്ഥാന സമിതി ഓഫിസ്**: സംഘടനയുടെ രജിസ്റ്റേർഡ് സംസ്ഥാന സമിതി ഓഫീസ്, കെട്ടിട നമ്പർ. 13/750, ട്രിനിറ്റി കോളേജ് ബിൽഡിംഗ്,ടെലിഫോൺ ഭവന് എതിർവശം, എ.സി,റോഡ്, ചേർത്തല, കേരളം, ഇന്ത്യ പിൻ.688524എന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായിരിക്കും.

**IV. പ്രവർത്തന മേഖല**: കേരള സംസ്ഥാനം മുഴുവനും സംഘടനയുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നു.

**V. ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

1. വാട്ടർ ട്രീറ്റ്മെന്റ് സംരംഭകരുടെയും, തദനുബന്ധമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും ക്ഷേമവും വളർച്ചയും ലക്ഷ്യമാക്കി, അവരുടെ പൊതുവായതും തൊഴിൽപരമായതും വ്യാപാരപരമായതുമായ താൽപര്യങ്ങളുടെ സംരക്ഷണാർത്ഥം ഒരു വേദി സ്ഥാപിച്ചു പ്രവർത്തിക്കുക.

2. വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ കാലാകാലങ്ങളിലുണ്ടാകുന്ന ആവശ്യങ്ങളോട് ഉചിതമായി പ്രതികരിച്ചുകൊണ്ട്, വാട്ടർ ട്രീറ്റ്മെന്റ് വ്യവസായത്തിന്റെ സുഗമമായ മുന്നേറ്റത്തിനു വേണ്ടി, ആ മേഖലയിലെ സംരംഭക സമൂഹത്തിന്റെ വിശാല താൽപര്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുക.

3.വാട്ടർ ട്രീറ്റ്മെന്റ് വ്യവസായത്തെ ബാധിക്കുന്ന നിയമനിർമ്മാണപരവും അല്ലാതെയുമുള്ള നടപടികളെ സംബന്ധിച്ച സംരംഭകരുടെ ആകുലതകളും സന്ദേഹങ്ങളും അഭിപ്രായങ്ങളും സർക്കാരുകളോടും മറ്റ് ബന്ധപ്പെട്ട അധികാരികളോടും പ്രാതിനിധ്യ സ്വഭാവത്തിൽ ഉന്നയിക്കുകയും പരിഹാരം കാണുകയും ചെയ്യുക.

4. വ്യവസായത്തിലെ സാങ്കേതിക മുന്നേറ്റങ്ങളുമായി ഒത്തുപോകുന്നതിനും തൊഴിൽപരമായ അഭിരുചികളും മനോഭാവങ്ങളും വളർത്തുന്നതിനും അംഗങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പരിശീലന ക്യാമ്പുകൾ, ശില്പശാലകൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.

5.ശുദ്ധജലവും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പൊതുതാൽപ്പര്യമുള്ള വിഷയങ്ങളിൽ അന്താരാഷ്ട്ര സംഘടനകളുമായും രാജ്യത്തെ സർക്കാർ- സർക്കാരേതര സംഘടനകളുമായും ചേർന്നു പ്രവർത്തിക്കുക.

6. അംഗങ്ങൾക്കിടയിൽ സാഹോദര്യം, സഹകരണം, പരസ്പരൈക്യം എന്നിവ വളർത്തുകയും അവരുടെ ജീവിത പ്രയാസങ്ങൾ ലഘൂകരിക്കാൻ അവരെ സഹായിക്കുകയും ചെയ്യുക.

7. ജാതി, വിശ്വാസപ്രമാണം, വംശം, വർണ്ണം, ലിംഗം, മതം എന്നിവയുടെ പരിഗണനയില്ലാതെ, പൊതുസമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തി അവരെ ശാക്തീകരിക്കുന്നതിനും പരിരക്ഷിക്കുന്നതിനും ഉതകുന്ന ക്ഷേമ, സാമൂഹ്യ, സാംസ്കാരിക, ജീവകാരുണ്യ, മാനുഷിക, ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

8. സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിനും വ്യവസായത്തിന്റെ പുരോഗതിക്കും ഉതകുന്ന പുസ്തകങ്ങൾ, ആനുകാലികങ്ങൾ, സചിത്ര മാഗസീനുകൾ, കാലികമായ ന്യൂസ് ലെറ്ററുകൾ/ബുള്ളറ്റിനുകൾ, മറ്റു പ്രസിദ്ധീകരണങ്ങൾ നോ പ്രോഫിറ്റ്- നോ ലോസ്സ് അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുകയോ വില്പന നടത്തുകയോ വിതരണം നടത്തുകയോ ചെയ്യുക.

9. കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും അനുസരിച്ചാണ് സംഘടനയുടെ പ്രവർത്തനങ്ങളെന്ന് ഉറപ്പു വരുത്തുക.

10. ശുദ്ധജലത്തിന്റെ ആരോഗ്യപരമായ പ്രാധാന്യത്തെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കാനുതകുന്ന പ്രവർത്തനങ്ങൾ സ്വന്തം നിലയിൽ സംഘടിപ്പിക്കുകയോ സർക്കാർ/സർക്കാരേതര ഏജൻസികൾ നടത്തുന്ന അത്തരം പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയാവുകയോ ചെയ്യുക.

11. അംഗങ്ങൾക്കു പങ്കാളിത്തവും പ്രയോജനവും ലഭിക്കുന്ന തരത്തിലുള്ള വലുതും ചെറുതുമായ വാട്ടർ ട്രീറ്റ്മെന്റ് പ്രൊജക്ടുകൾ വിവിധ ഏജൻസികൾക്കു വേണ്ടി രൂപകൽപ്പന ചെയ്തു നടപ്പാക്കുക.

12. സമൂഹത്തെ ഒട്ടാകെ ദുരിതത്തിലാഴ്ത്തുന്ന ദുരന്ത സമയങ്ങളിൽ ജല ശുദ്ധീകരണം അടക്കമുള്ള വാട്ടർ ട്രീറ്റ്മെൻറ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു പ്രതിഫലേച്ഛയില്ലാതെ പൊതുജന സേവനം നടത്തുക.

13. അംഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനു വേണ്ടി, ആരോഗ്യം, അപകടം എന്നീ മേഖലകളിൽ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുക.

14. കുടിവെള്ള ശുദ്ധീകരണമേഖലയിലെ ശാസ്ത്രീയ പഠനങ്ങളെയും ഗവേഷണങ്ങളെയും പ്രോത്സാഹിപ്പിക്കുകയും അത്തരം കാര്യങ്ങൾ സ്വയം ഏറ്റെടുത്തു നിർവഹിക്കാൻ പരിശ്രമിക്കുകയും ചെയ്യുക.

## VI. സംഘടന

1. സംഘടനയ്ക്ക് സംസ്ഥാന തലം, ജില്ലാതലം എന്നിങ്ങനെ ഒരു ദ്വിതല സംഘടനാ സംവിധാനവും ഓരോ തലത്തിലും കോൺഫറൻസ്, കമ്മിറ്റി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിങ്ങനെ മൂന്നു ഘടകങ്ങളും ഉണ്ടായിരിക്കുന്നതാണ്.

2. സാധാരണയായി, ദ്വൈവാർഷിക ജില്ലാ കോൺഫ്രൻസ് ജില്ലാ കമ്മിറ്റിയെയും ജില്ലാ കമ്മിറ്റി ജില്ലാ എക്സിക്യൂട്ടീവിനെയും തെരഞ്ഞെടുക്കേണ്ടതാകുന്നു.

3. ദ്വൈവാർഷിക സംസ്ഥാന കോൺഫ്രൻസ് സംസ്ഥാന കമ്മിറ്റിയേയും, സംസ്ഥാന കമ്മിറ്റി സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയേയും തെരഞ്ഞെടുക്കേണ്ടതാകുന്നു.

4. ഒരു അംഗത്തിന് ഒരേ സമയം ഒന്നിലേറെ തലങ്ങളിലെ ഭാരവാഹിയാകാൻ കഴിയുന്നതല്ല. അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന പക്ഷം  സംഘടനാ താൽപ്പര്യം പരിഗണിച്ച് ഏതെങ്കിലു ഒരു ഭാരവാഹിത്വം നിലനിർത്തി മറ്റുള്ളവ ഒഴിയേണ്ടതാകുന്നു.

## VII. സംസ്ഥാന കോൺഫറൻസ്

1. സംഘടനയുടെ പരമാധികാര സഭയാകുന്നു സംസ്ഥാന കോൺഫ്രൻസ്. എല്ലാ ജില്ലാ കമ്മിറ്റിയംഗങ്ങളും സംസ്ഥാന കമ്മിറ്റിയംഗങ്ങളും സംസ്ഥാന കോൺഫറൻസിൽ അംഗങ്ങളായിരിക്കും.

2. സംസ്ഥാന കമ്മിറ്റി സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി മുഖേന സംസ്ഥാന കോൺഫ്രൻസ് വിളിച്ചു കൂട്ടേണ്ടതാകുന്നു.

3. ദ്വൈവാർഷികമായിട്ടും വാർഷികമായിട്ടും അർധവാർഷികമായിട്ടും ആവശ്യമുള്ള പക്ഷം വിശേഷാലും സംസ്ഥാന കോൺഫ്രൻസ് ചേരേണ്ടതാണ്.

4. സംസ്ഥാന കമ്മിറ്റി മുൻകൂട്ടി തീരുമാനിക്കുന്ന ദിവസവും സ്ഥലത്തും വെച്ച് സംസ്ഥാന വാർഷിക കോൺഫറൻസ് നടത്തേണ്ടതാണ്.

5. സംഘടനയുടെ നയങ്ങൾക്കു രൂപംകൊടുക്കാനും നിലവിലുള്ള നയങ്ങൾ തിരുത്താനും ഭാവിപ്രവർത്തന പരിപാടികൾ ആവിഷ്കരിക്കാനും സംസ്ഥാന കോൺഫറൻസിന് അധികാരവും കർത്തവ്യവുമുണ്ട്.

6. പുതിയ സംസ്ഥാന കമ്മിറ്റിയിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അധികാരം സംസ്ഥാന കോൺഫറൻസിൽ നിക്ഷിപ്തമാണ്.

7. അംഗങ്ങൾക്കെതിരായി  ഏതെങ്കിലും കമ്മിറ്റി സ്വീകരിക്കുന്ന ശിക്ഷാനടപടികളിൽ അന്തിമ അപ്പീൽ പരിഗണിക്കാനുള്ള അധികാരം സംസ്ഥാന കോൺഫറൻസിൽ നിക്ഷിപ്തമാണ്.

## VIII. സംസ്ഥാന കമ്മിറ്റി

1. സംസ്ഥാന കോൺഫറൻസ് തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ചേർന്ന് സംസ്ഥാന കമ്മിറ്റി രൂപീകരിക്കുന്നു. സംസ്ഥാന കമ്മിറ്റിയുടെ കാലാവധി രണ്ടു വർഷം ആയിരിക്കും.

2. സംസ്ഥാന കമ്മിറ്റി, സംഘടനയുമായി ബന്ധപ്പെട്ട സംസ്ഥാന തല കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതും കീഴ് ഘടക ങ്ങൾക്ക് മാർഗനിർദ്ദേശം ചെയ്തുകൊണ്ട്, സംഘടനയുടെ മൊത്തം പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

3. പുതിയ സംസ്ഥാന കമ്മിറ്റിയുടെ പരമാവധി അംഗസംഖ്യ നിലവിലെ സംസ്ഥാന കമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്. എന്നാൽ, സംസ്ഥാന കമ്മിറ്റിയുടെ ഏറ്റവും കുറഞ്ഞ അംഗസംഖ്യ 25 ആയി നിജപ്പെടുത്തിയിരിക്കുന്നു.

**IX. സംസ്ഥാന കമ്മിറ്റിയുടെ അധികാരങ്ങളും ധർമ്മങ്ങളും**

1. സ്റ്റേറ്റ് കോൺഫ്രൻസിന്റെ നയങ്ങൾ, തീരുമാനങ്ങൾ എന്നിവ അനുസരിച്ചും സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വിധേയമായും, ഉചിതവും പ്രയോജനപ്രദവുമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

2. സംസ്ഥാന കമ്മിറ്റി അംഗങ്ങളിൽ നിന്നും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കുക.

3. സംഘടനയുടെ സംസ്ഥാന തല പ്രവർത്തനം നടത്തുന്നതിനാവശ്യമായ ധനം അംഗത്വഫീ, അംഗത്വം പുതുക്കൽ ഫീ, വാർഷിക വരിസംഖ്യ എന്നിവയുടെ വിഹിതത്തിലൂടെയും സംഭാവനകളിലൂടെയും മറ്റു വരുമാനങ്ങളിലൂടെയും സമാ ഹരിക്കുക.

4. അംഗത്വ ഫീയും അംഗത്വം പുതുക്കൽ ഫീയും വാർഷിക വരിസംഖ്യയും നിശ്ചയിക്കുക.

5. സംസ്ഥാന കമ്മിറ്റി ഓഫീസിന് ആവശ്യമായ സ്റ്റാഫ്, ഉപകരണങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒരുക്കുകയും നില നിർത്തുകയും ചെയ്യുക.

6. സംഘടനയുടെ നിയമാവലിക്കു വിധേയമായി അംഗങ്ങളെ ചേർക്കുകയും ഒഴിവാക്കുകയും ചെയ്യുക.

7. സംഘടനയുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുറക്കുകയും നിലനിർത്തുകയും ചെയ്യുക.

8. ആവശ്യം വരുന്ന സാഹചര്യത്തിൽ, അഭിഭാഷകർ, ഓഡിറ്റർമാർ, ശാസ്ത്രജ്ഞർ, ട്രെയിനർമാർ തുടങ്ങിയവരെ സംഘ ടനയ്ക്കുവേണ്ടി പ്രവർത്തിക്കാൻ ചുമതലപ്പെടുത്തുകയും കരാറുപ്പിക്കുന്ന പ്രകാരം പ്രതിഫലം നൽകുകയും ചെയ്യു ക.

9. സംഘടനയ്ക്കുള്ളിലെ ഏതു സ്വഭാവത്തിലുമുള്ള തർക്കങ്ങൾ പരിഹരിക്കുക.

10. സംസ്ഥാന കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്നു പ്രവർത്തനം വിലയിരുത്തേണ്ടതും പുതിയ പ്രവർത്തനങ്ങൾ ആലോചിച്ചു തീരുമാനിക്കേണ്ടതുമാണ്.

**X. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി**

1. സംസ്ഥാന കമ്മിറ്റിയുടെ ആദ്യയോഗം ചേർന്ന് സംസ്ഥാന സമിതി അംഗങ്ങളിൽ നിന്നും രണ്ടു വർഷ കാലയളവിലേക്ക്  സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കേണ്ടതാകുന്നു.

2. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗസംഖ്യ ഏറ്റവും കുറഞ്ഞത് 12 ആകുന്നു.

3. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റുമാർ (രണ്ട്), സെക്രട്ടറിമാർ (രണ്ട്), ട്രഷറർ എന്നീ സംസ്ഥാന ഭാരവാഹികളും എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്നതായിരിക്കും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി.

4. സംസ്ഥാന കമ്മിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലയിലായിരിക്കും.

5. സംസ്ഥാന കമ്മിറ്റി എടുക്കുന്ന എല്ലാ തീരുമാനങ്ങളും നടപ്പാക്കാൻ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി പ്രതിജ്ഞാബദ്ധമാണ്.

6. രണ്ടു സംസ്ഥാന കമ്മിറ്റികൾക്കിടയിൽ സ്വന്തം നിലയിൽ ഏറ്റെടുക്കുന്ന ഏതു പ്രവർത്തനങ്ങൾക്കും സംസ്ഥാന കമ്മിറ്റിയോടു കണക്കു പറയാനും ഉത്തരവാദിത്തമേൽക്കാനും അംഗീകാരം  നേടാനും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിക്കു ബാധ്യത ഉണ്ടായിരിക്കുന്നതാണ്.

7. മേഖലാടിസ്ഥാനത്തിലുള്ള മേൽനോട്ടം, സംസ്ഥാന സമിതി ഓഫിസിന്റെ ദൈനംദിന മേൽനോട്ടം എന്നിവ നിർവഹിക്കുന്നതിന് സെക്രട്ടറിമാരെ ചുമതലപ്പെടുത്താവുന്നതാണ്.ഭാരവാഹികൾക്കു പുറമേയുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും സംഘടനാപരമായ ചുമതലകൾ നിശ്ചയിച്ചു നൽകാവുന്നതാണ്.

8. സംസ്ഥാന കമ്മിറ്റി യോഗങ്ങൾ വിളിച്ചു ചേർക്കേണ്ടതും നടത്തേണ്ടതും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്.

## XI. സംസ്ഥാന പ്രസിഡന്റ്

1. പ്രസിഡന്റ് സംഘടനയിലെ ഏറ്റവും ഉയർന്ന എക്സിക്യൂട്ടീവും സംഘടനയുടെ പ്രഥമ പ്രതിനിധിയുമാണ്. സംസ്ഥാന കമ്മിറ്റിയുടെയും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗങ്ങളിലും സംസ്ഥാന കോൺഫറൻസിലും ആധ്യക്ഷം വഹിക്കേണ്ടത് പ്രസിഡന്റിന്റെ ഉത്തരവാദിത്തമാകുന്നു.

2.സംഘടനയിലെ ഏതു തലത്തിലെയും ഭാരവാഹികളെ അവരുടെ പ്രവർത്തനങ്ങളിൽ മാർഗദർശനം ചെയ്യാൻ പ്രസിഡന്റിന് ചുമതലയുണ്ട്.

3. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പ്രസിഡന്റുമായി കൂടിയാലോചിച്ചു നടപ്പാക്കേണ്ടതാകുന്നു.

4. സംഘടനയുടെ മൊത്തത്തിലുള്ള ഭരണത്തിന്റെ ഉത്തരവാദിത്തം പ്രസിഡന്റിൽ നിക്ഷിപ്തമാണ്.

5. സംഘടനയെ ശാക്തീകരിക്കാനും ഐക്യം നിലനിർത്തി വളർത്താനും ഗുണമേന്മയുള്ള ഭരണം ഉറപ്പാക്കാനും പ്രസിഡന്റിനു പ്രതിജ്ഞാബദ്ധതയുണ്ട്.

### XII. സംസ്ഥാന വൈസ് പ്രസിഡന്റുമാർ

1. സംഘടനയുടെ ലക്ഷ്യപ്രാപ്തിക്കായി പ്രസിഡന്റിന്റെ കൃത്യനിർവഹണത്തിൽ വൈസ് പ്രസിഡന്റുമാർ സഹായം നൽകേണ്ടതാണ്.

2. അവധി, രാജി, മരണം തുടങ്ങിയവ മൂലമുള്ള പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് പ്രസിഡന്റായി പ്രവർത്തിക്കേണ്ടതാകുന്നു. അത്തരം സന്ദർഭങ്ങളിൽ, പ്രസിഡന്റിന്റെ എല്ലാ അധികാരങ്ങളും വൈസ്പ്രസിഡന്റിന് ഉണ്ടായിരിക്കുന്നതാണ്.

3. പ്രസിഡന്റിന്റെ അഭാവത്തിൽ, സംസ്ഥാന കമ്മിറ്റി യോഗങ്ങളിലും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിലും വാർഷിക/പ്രത്യേക/അസാധാരണ സംസ്ഥാന കോൺഫറൻസുകളിലും ആധ്യക്ഷം വഹിക്കേണ്ടതും ബാങ്ക് ഇടപാടുകൾ ഉൾപ്പെടെയുള്ള സംഘടനയുടെ ദൈംദിന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കു വഹിക്കേണ്ടതുതാകുന്നു.

4. ഒന്നിലേറെ വൈസ്പ്രസിഡന്റുമാർ ഉള്ളപക്ഷം പ്രസിഡന്റിന്റെ അഭാവത്തിൽ പ്രവർത്തിക്കാൻ പ്രസിഡന്റിനോ എക്സിക്യൂട്ടീവ് കമ്മിറ്റിക്കോ ഏതെങ്കിലും ഒരു വൈസ്പ്രസിഡന്റിനെ ചുമതലപ്പെടുത്താവുന്നതാകുന്നു. പ്രസിഡന്റിന്റെ കർത്തവ്യങ്ങൾ അത്തരം സാഹചര്യങ്ങളിൽ വൈസ്പ്രസിഡന്റുമാർക്ക് വിഭജിച്ചു നൽകാവുന്നതുമാണ്.

### XIII. സംസ്ഥാന ജനറൽ സെക്രട്ടറി

1. സംസ്ഥാന കോൺഫ്രൻസ്, സംസ്ഥാന കമ്മിറ്റി, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ പ്രസിഡന്റുമായി കൂടിയാലോചിച്ചു കാര്യപരിപാടി നിശ്ചയിച്ചു  വിളിച്ചു ചേർക്കുകയും യോഗം നടത്തുകയും ചെയ്യേണ്ടത് ജനറൽ സെക്രട്ടറിയുടെ കർത്തവ്യമാകുന്നു.

2. കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സ് തയ്യാറാക്കി അംഗങ്ങളുടെ ഒപ്പോടെ സൂക്ഷിക്കേണ്ടതും പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിച്ചു പാസ്സാക്കി എടുക്കേണ്ടതും ജനറൽ സെക്രട്ടറിയുടെ ചുമതലയാകുന്നു.

3. സംഘടനയുടെ എല്ലാവിധ റിക്കോർഡുകളുടെയും മിനിറ്റ്സിന്റെയും രജിസ്റ്ററുകളുടെയും മറ്റു രേഖകളുടെയും സൂക്ഷിപ്പുകാരൻ സെക്രട്ടറിയാണ്. സംഘടനയുടെ സ്ഥാവര-ജംഗമ വസ്തുക്കളുടെയും ബാങ്ക് രേഖകളുടെയും സീലിന്റെയും സർക്കാരും മറ്റുമായുള്ള എല്ലാവിധ കത്തിടപാടുകളുടെയും ചുമതല ജനറൽ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

4. സംഘടനയുടെ ദൈനംദിന ഭരണം ജനറൽ സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. സംഘടനയ്ക്കു വേണ്ടി ചെക്കുകളും സംഭാവനകളും  സ്വീകരിക്കാൻ അധികാരമുണ്ട്. സംഘടനയുടെ സ്റ്റാഫിനെ നിയന്ത്രിക്കാനും മാർഗനിർദ്ദേശം ചെയ്യാനും ജനറൽ സെക്രട്ടറിക്ക് അധികാരവും ചുമതലയുമുണ്ട്.

5. അക്കൗണ്ട് ബുക്കുകളുടെ രജിസ്റ്ററുകളുടെയും പ്രമാണ രേഖളുടെയും പരിപൂർണ്ണമായ ഉത്തരവാദിത്തവും ജനറൽ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

6. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രവർത്തനത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്തം ജനറൽ സെക്രട്ടറി ഏറ്റെ ടുക്കേണ്ടതാകുന്നു.

7. സംഘടനയുടെ മുദ്ര, ചെക്കു ബുക്കുകൾ, നിക്ഷേപ രസീതുകൾ, പാസ്സ്ബുക്ക് എന്നിവയുടെ സുരക്ഷിതമായ സൂക്ഷിപ്പും അവയുടെ ഉപയോഗത്തിന്റെ ഉത്തരവാദിത്തവും.ജനറൽ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

8. ജനറൽ സെക്രട്ടറി നിർവഹിക്കുന്ന സാമ്പത്തിക ഇടപാടുകൾ പ്രസിഡന്റും ട്രഷററുമായി കൂടിയാലോചിച്ചു നിർവ ഹിക്കേണ്ടതാകുന്നു.

9. സംഘടനയുമായുള്ള വ്യാപാരപരമായ കത്തിടപാടുകൾ ജനറൽ സെക്രട്ടറി മറ്റു ഭാരവാഹികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

10. പ്രസിഡന്റുമായി ആലോചിച്ച്, യോഗങ്ങളുടെ കാര്യപരിപാടി തയ്യാറാക്കി ബന്ധപ്പെട്ട അംഗങ്ങൾക്ക് യോഗ നോട്ടീസ് നടത്തേണ്ടതാകുന്ന ചുമതല ജനറൽ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

11. സംഘടനയുമായി ബന്ധപ്പെട്ടുള്ള സംസ്ഥാനതലത്തിലെ കോടതി വ്യവഹാരങ്ങൾ സംഘടനയ്ക്കു വേണ്ടി സംസ്ഥാന ജനറൽ സെക്രട്ടറി നടത്തേണ്ടതാകുന്നു.

**XIV. സംസ്ഥാന സെക്രട്ടറിമാർ**

1. സംസ്ഥാന സെക്രട്ടറിമാർ  എക്സിക്യൂട്ടീവ് കമ്മിറ്റി ഭരമേൽപ്പിക്കുന്ന ചുമതലകൾ ഏറ്റെടുത്തുകൊണ്ട്  ജനറൽ സെക്രട്ടറിയെ സഹായിക്കേണ്ടതാകുന്നു.

2. ജനറൽ സെക്രട്ടറിയുടെ ദീർഘകാല അവധി സമയത്തോ മറ്റു കാരണങ്ങളാലുള്ള അഭാവത്തിലോ ജനറൽ സെക്രട്ട റിയോ എക്സിക്യൂട്ടീവ് കമ്മിറ്റിയോ ചുമതലപ്പെടുത്തുന്ന സെക്രട്ടറിമാരിൽ ഒരാൾ ജനറൽ സെക്രട്ടറിയായി ചുമതല വഹിക്കേണ്ടതാകുന്നു.

**XV. സംസ്ഥാന ട്രഷറർ**

1. സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവരുമായി ചേർന്ന് സംസ്ഥാന ട്രഷറർ സംഘടനയുടെ സാമ്പത്തിക കാര്യങ്ങൾ നിർവഹിക്കേണ്ടതാകുന്നു.

2. സംസ്ഥാന കമ്മിറ്റിയുടെ വരവുചെലവു കണക്കുകളും സാമ്പത്തിക രേഖകളും ട്രഷറർ സൂക്ഷിക്കേണ്ടതാണ്.

3. അക്കൗണ്ടുകൾ സൂക്ഷിക്കുക, രേഖകൾ എഴുതി സൂക്ഷിക്കുക എന്നിവ ട്രഷറർ നോക്കി നടത്തേണ്ടതാണ്.

4. ജനറൽ സെക്രട്ടറിയോടൊപ്പം ചേർന്ന് ട്രഷറർ സംഘടനയുടെ അക്കൗണ്ടുകൾ എല്ലാ വർഷവും യഥാവിധി ഓഡിറ്റ് ചെയ്യിപ്പിക്കേണ്ടതും ഓഡിറ്ററുടെ സ്റ്റേറ്റ്മെന്റും റിപ്പോർട്ടും കമ്മിറ്റിക്കു മുമ്പിൽ വെച്ച് അംഗീകാരം നേടേണ്ടതുമാകുന്നു.

5. ഓഡിറ്റർക്ക് കൃത്യമായ വിവരങ്ങളും ആവശ്യമായ പുസ്തകങ്ങളും ഡോക്യുമെന്റുകളും പരിശോധനയ്ക്കായി ലഭ്യമാക്കി പൂർണ്ണമായ സഹകരണം നൽകേണ്ടതാണ്.

## XVI. ജില്ലാ കോൺഫറൻസ്

1. ഒരു ജില്ലയിലുള്ള എല്ലാ അംഗങ്ങളും ജില്ലാ കോൺഫറൻസിൽ ഉൾപ്പെടുന്നതാണ്.

2. വാർഷിക/ദ്വൈവാർഷിക/അർധ വാർഷിക/വിശേഷാൽ കോൺഫറൻസുകൾ ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി മുഖേന ജില്ലാ കമ്മിറ്റി വിളിച്ചു ചേർക്കേണ്ടതാണ്.

3. ജില്ലാ കമ്മിറ്റി മുൻകൂട്ടി തീരുമാനിക്കുന്ന ദിവസവും സ്ഥലത്തും ജില്ലാ വാർഷിക കോൺഫറൻസ് നടത്തേണ്ടതാണ്.

4. ജില്ലാ തലത്തിലുള്ള പ്രവർത്തനങ്ങളും പരിപാടികളും ആവിഷ്കരിക്കാൻ ജില്ലാ കോൺഫ്റൻസിന് അധികാരവും കർത്തവ്യവുമുണ്ട്.

5. പുതിയ ജില്ലാ കമ്മിറ്റിയിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അധികാരം ജില്ലാ കോൺഫറൻസിൽ നിക്ഷിപ്തമാണ്.

## XVII. ജില്ലാ കമ്മിറ്റി

1. ജില്ലാ കോൺഫറൻസ് തെരഞ്ഞെടുക്കുന്ന അംഗങ്ങൾ യോഗം ചേർന്ന് ജില്ലാ കമ്മിറ്റി രൂപീരിക്കുന്നു.ജില്ലാ കമ്മിറ്റി അംഗസംഖ്യ ഏറ്റവും കുറഞ്ഞത് 15 ആയിരിക്കും.

2. ജില്ലാ കമ്മിറ്റികൾ സംസ്ഥാന കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുരോധമായി അതാതു ജില്ലയിലെ കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതും പ്രവർത്തനങ്ങൾ നിർവഹിക്കേണ്ടതുമാണ്.

3. ജില്ലാ കമ്മിറ്റിയുടെ പ്രവർത്തന കാലാവധി രണ്ടു വർഷമായിരിക്കും.

4. ജില്ലാതല പ്രവർത്തനം നടത്തുന്നതിനാവശ്യമായ ധനം അംഗത്വഫീ, അംഗത്വം പുതുക്കൽ ഫീ, വാർഷിക വരിസംഖ്യ എന്നിവയുടെ വിഹിതത്തിലൂടെയും സംഭാവനകളിലൂടെയും മറ്റു വരുമാനങ്ങളിലൂടെയും സമാഹരിക്കേണ്ടതാകുന്നു..

5. ജില്ലാ കമ്മിറ്റി ഓഫീസിന് ആവശ്യമായ സ്റ്റാഫ്, ഉപകരണങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒരുക്കുകയും നിലനിർത്തുകയും ചെയ്യുക.

6. പുതിയ അംഗങ്ങളെ ചേർക്കൽ, അംഗത്വം പുതുക്കൽ എന്നീ കാമ്പയിനുകൾ അതാതു ജില്ലകളിൽ സംഘടിപ്പിക്കുക.

7. സംസ്ഥാന കമ്മിറ്റി ഒരു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേർന്നു പ്രവർത്തനം വിലയിരുത്തേണ്ടതും പുതിയ പ്രവർത്തനങ്ങൾ ആലോചിച്ചു തീരുമാനിക്കേണ്ടതുമാണ്.

### XVIII. ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി

1. ജില്ലാ കമ്മിറ്റി അംഗങ്ങളിൽ നിന്നും ഒരു ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കേണ്ടതാകുന്നു. എക്സി ക്യൂട്ടീവ് കമ്മിറ്റിയുടെ അംഗസംഖ്യ ഏറ്റവും കുറഞ്ഞത് 7 ആകുന്നു.

2. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നീ ഭാരവാഹികളും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും അടങ്ങുന്നതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി.

3. സംസ്ഥാന കമ്മിറ്റിയുടെ മേൽനോട്ടത്തിൽ, ജില്ലാ കമ്മിറ്റി അംഗങ്ങളിൽ നിന്നും രണ്ടു വർഷക്കാലയളവിലേക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കേണ്ടതാകുന്നു.

4. ജില്ലാ ഭാരവാഹികളുടെ അധികാരങ്ങളും ചുമതലകളും സംസ്ഥാന ഭാരവാഹികളുടേതിന് സമാനമാണ്, അധികാര പരിധി അതാതു ജില്ല മാത്രമായിരിക്കും.

5. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേരിൽ ജോയിന്റ് ബാങ്ക് അക്കൗണ്ട് തുറക്കുകയും നിലനിർത്തുകയും ചെയ്യുക.

### XIX. അംഗത്വം

1. വാട്ടർ ട്രീറ്റ്മെന്റ് വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളതും പതിനെട്ടു വയസ് പൂർത്തിയായിട്ടുള്ളതുമായ ഏതൊരു ഇന്ത്യൻ പൗരനും അയാൾ സംഘടനയുടെ ഭരണഘടന വായിച്ച ശേഷം അത് അംഗികാരിക്കാമെന്നും കാലാകാലങ്ങ ളിൽ സംഘടന എടുക്കുന്ന തീരുമാനങ്ങൾ അനുസരിക്കാമെന്നും പ്രതിജ്ഞ ചെയ്യുന്ന പക്ഷം ഈ സംഘടനയിൽ അംഗമായി ചേരാവുന്നതാണ്.

2. അംഗത്വത്തിന് അപേക്ഷിക്കുന്നയാൾ കേരളത്തിൽ നിയമപരമായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സംരംഭകനാ യിരിക്കണം.

3. അംഗമായി ചേരാൻ താൽപ്പര്യപ്പെടുന്ന സംരംഭകൻ, സ്വന്തം ജി.എസ്.ടി നമ്പർ അല്ലെങ്കിൽ സംരംഭകനാണെന്നു തെളിയിക്കുന്ന മറ്റേതെങ്കിലും സാധുവായ രേഖ, വ്യക്തിഗതവും ബിസിനസ് സംബന്ധവുമായ വിവരങ്ങൾ രേഖപ്പെടു ത്തിയ നിശ്ചിത ഫോറം എന്നിവയോടൊപ്പം അംഗത്വത്തിന് അപേക്ഷിക്കേണ്ടതാകുന്നു. സംസ്ഥാന കമ്മിറ്റി അംഗത്വ അപേക്ഷ പരിഗണിക്കുന്നതും തൃപ്തികരമെന്നു തോന്നുന്ന പക്ഷം അംഗത്വം അനുവദിക്കുന്നതുമാണ്.

4. അംഗത്വത്തിന്റെ സാധുത ഒരു വർഷമായിരിക്കും. ഒരു സാമ്പത്തിക വർഷത്തെ ഏതു സമയത്തും അംഗത്വം എടു ക്കാവുന്നതാണെങ്കിലും മാർച്ച് 31 ന് അംഗത്വ സാധുത അവസാനിക്കുന്നതാണ്. അംഗമായി തുടരാൻ ആഗ്രഹിക്കുന്ന പക്ഷം ഏപ്രിൽ മാസം ആദ്യം അംഗത്വം പുതുക്കേണ്ടതുമാകുന്നു.

5. അംഗത്വ ഫീയും അംഗത്വം പുതുക്കൽ ഫീയും വാർഷിക വരിസംഖ്യയും കാലാകാലങ്ങളിൽ സംസ്ഥാന കമ്മിറ്റി തീരുമാനിക്കേണ്ടതാകുന്നു.

6. അംഗത്വം പുതുക്കുന്നതിനും പുതിയ അംഗങ്ങളെ ചേർക്കുന്നതിനുമുള്ള കാമ്പയിൻ മാർച്ച് അവസാന വാരങ്ങളിലും ഏപ്രിൽ ആദ്യവാരങ്ങളിലുമായി പൂർത്തിയാക്കേണ്ടതാണ്.

## XX. അംഗത്വത്തിൽ നിന്നും വേർപെടുത്തൽ

1. സംഘടനയുടെ സംസ്ഥാന നിർവാഹക സമിതിക്ക് സംഘടനയുടെ ഒരംഗത്തെ അംഗത്വത്തിൽ നിന്നു പുറത്താക്കാനുള്ള അധികാരമുണ്ട്. തൊട്ടടുത്ത സംസ്ഥാന കമ്മിറ്റിയിൽ ആ തീരുമാനം അറിയിച്ച് അംഗീകാരം നേടേണ്ടതുമാണ്. അംഗത്വത്തിൽ നിന്ന് വേർപെടുത്താനുള്ള കാരണങ്ങൾ താഴെപ്പറയുന്നു:

എ. അംഗമായ വ്യക്തിയുടെ മരണം

ബി. രേഖാമൂലം സമർപ്പിക്കുന്ന രാജിക്കത്ത്

സി. സാമൂഹ്യവിരുദ്ധ പ്രവർത്തനത്തിൽ ഏർപ്പെട്ടുവെന്ന തെളിവ്

ഡി. നീതിന്യായ കോടതിയുടെ ക്രിമിനൽ ശിക്ഷ

ഇ. സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കും കമ്മിറ്റി തീരുമാനങ്ങൾക്കും എതിരായ പ്രവർത്തനം

## XXI. ക്വോറം

1.സംസ്ഥാന, ജില്ലാ കമ്മിറ്റി യോഗങ്ങളുടെയും സംസ്ഥാന, ജില്ലാ വാർഷിക കോൺഫറൻസുകളുടെയും ക്വോറം അംഗസംഖ്യയുടെ മൂന്നിലൊന്നായിരിക്കും.

## XXII. സാമ്പത്തിക കാര്യങ്ങൾ

### 1. വരുമാനം

എ. സംഘടനയുടെ പ്രധാന വരുമാന മാർഗങ്ങൾ അംഗത്വ ഫീയും അംഗത്വം പുതുക്കൽ ഫീയും വാർഷിക വരിസംഖ്യയും സംഭാവനകളുമാകുന്നു.

ബി. അംഗത്വ ഫീ, അംഗത്വം പുതുക്കൽ ഫീ, വാർഷിക വരിസംഖ്യ എന്നീ ഇനങ്ങളിൽ ഓരോ ജില്ലയിൽ നിന്നും ലഭിക്കുന്ന വരുമാനം തുല്യ അനുപാതത്തിൽ സംസ്ഥാന കമ്മിറ്റിയും ജില്ലാ കമ്മിറ്റിയും വിഹിതം ചെയ്തെടുക്കേണ്ടതാകുന്നു.

സി. സംസ്ഥാന കമ്മിറ്റിയും ജില്ലാ കമ്മിറ്റികളും ആവിഷ്കരിച്ചു നടപ്പാക്കുന്ന തനതു പ്രവർത്തനങ്ങളുടെയും പ്രൊജക്ടുകളുടെയും നിർവഹണത്തിനു വേണ്ടിയുള്ള ധനം അഭ്യുദയ കാംക്ഷികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി സ്വരൂപിക്കാവുന്നതാകുന്നു.

ഡി. ജില്ലാ കമ്മിറ്റിയുടെ തനത് ധനസ്വരൂപണം സംസ്ഥാന കമ്മിറ്റിയുടെ അംഗീകാരത്തോടെ നിർവഹിക്കേണ്ടതാണ്.

**2. ബാങ്ക് അക്കൗണ്ട്**

എ. സംസ്ഥാന കമ്മിറ്റിയും ജില്ലാ കമ്മിറ്റികളും സ്വന്തം നിലയിൽബാങ്ക് അക്കൗണ്ട് തുറക്കേണ്ടതാകുന്നു.

ബി. പ്രസിഡന്റും ജനറൽ സെക്രട്ടറിയും ട്രഷററും സംയുക്തമായി സംഘടനയ്ക്കു വേണ്ടി ബാങ്ക് അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യേണ്ടതാണ്.

**3. ഓഡിറ്റ്**

എ. സംസ്ഥാന. ജില്ലാ കമ്മിറ്റികൾ അതാതു കമ്മിറ്റിയിലെ രണ്ടംഗങ്ങളെങ്കിലും ഉൾപ്പെടുന്ന ഒരു ഓഡിറ്റു കമ്മിറ്റി രൂപീകരിച്ചു  ഒരോ സാമ്പത്തിക വർഷവും ആഭ്യന്തര ഓഡിറ്റ് നടത്തേണ്ടതാണ്.

ബി. ഒരു പ്രഫഷണൽ ഓഡിറ്ററെ സംഘടനയുടെ ഓരോ തലത്തിലുമുള്ള അക്കൗണ്ടുകൾ ഓരോ വർഷാന്ത്യത്തിലും ഓഡിറ്റ് ചെയ്യാൻ അതാതു കമ്മിറ്റികൾ നിയമിക്കേണ്ടതാകുന്നു.

സി. നടപ്പു സാമ്പത്തിക വർഷത്തേക്കുള്ള വരവു-ചെലവു കണക്കുകളും ആഭ്യന്തര-ബാഹ്യ ഓഡിറ്റു റിപ്പോർട്ടുകളും അതാതു തലത്തിലുള്ള കമ്മിറ്റികളിലും വാർഷിക കോൺഫറൻസുകളിലും അവതരിപ്പിച്ചു അംഗീകാരം വാങ്ങേണ്ടതാണ്.

ഡി. വാർഷിക വരവു-ചെലവു കണക്കിന് ഓരോ തലത്തിലെയും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് കൂട്ടുത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്.

## XXIII. റെക്കോർഡുകൾ

1. സ്റ്റേറ്റ്, ജില്ലാ തലങ്ങളിൽ അംഗത്വ രജിസ്റ്റർ, നാൾവഴി/ലെഡ്ജർ, രസീത് ബുക്ക്, വൗച്ചർ ബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, നോട്ടീസ് ബുക്ക്, മിനിറ്റ്സ് ബുക്ക്, അംഗത്വ ഫീ രജിസ്റ്റർ, ഓഫീസ് സ്റ്റേഷനറി രജിസ്റ്റർ തുടങ്ങിയ റെക്കോഡുകൾ സൂക്ഷിക്കേണ്ടതാണ്.

2. ക്യാഷ് ബുക്ക്, ബിൽ ബുക്ക്, രസീത് ബുക്ക്, ചെക്കു ബുക്കുകൾ എന്നിവ സംസ്ഥാന തലത്തിൽ ജനറൽ സെക്രട്ടറിയുടെയും ട്രഷററുടെയും സംയുക്ത ഉത്തരവാദിത്തത്തിലും, ജില്ലാ തലത്തിൽ ജില്ലാ സെക്രട്ടറി, ജില്ലാ ട്രഷറർ എന്നിവരുടെ സംയുക്ത ഉത്തരവാദിത്തത്തിലും ആയിരിക്കേണ്ടതാകുന്നു.

## XXIV. തെരഞ്ഞെടുപ്പുകൾ

1. സംഘടനയുടെ ഓരോ തലത്തിലുമുള്ള തെരഞ്ഞെടുപ്പുകൾ പൂർണ്ണമായും ജനാധിപത്യ രീതികൾ അവലംബിച്ചാകേണ്ടതാകുന്നു.

2. സാധാരണ ഗതിയിൽ, ഓരോ രണ്ടുവർഷം കഴിയുമ്പോൾ സംസ്ഥാന, ജില്ലാ തലങ്ങളിലെ വിവിധ കമ്മിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പു നടത്തേണ്ടതാകുന്നു.

3. ജില്ലാ ദ്വൈവാർഷിക കോൺഫറൻസിൽ നിന്ന് ജില്ലാ കമ്മിറ്റിയും, ജില്ലാ കമ്മിറ്റിയിൽ നിന്നും ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും തെരഞ്ഞെടുക്കപ്പെടേണ്ടതാണ്. സംസ്ഥാന ദ്വൈവാർഷിക കോൺഫറൻസിൽ നിന്നും സംസ്ഥാന കമ്മിറ്റിയും, സംസ്ഥാന കമ്മിറ്റിയിൽ നിന്നും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയും തെരഞ്ഞെടുക്കപ്പെടേണ്ടതാകുന്നു.

4. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ കമ്മിറ്റിയുടേയും പ്രവർത്തന കാലാവധി രണ്ടു വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ, കമ്മിറ്റികൾക്ക് കാലാവധി പൂർത്തീകരിക്കുന്നതിനു മുമ്പേ രാജി നൽകി അധികാരം ഒഴിയാവുന്നതാകുന്നു.

5. ജില്ലാ കോൺഫ്രൻസ് ഏപ്രിൽ അവസാന പകുതിയിലും സംസ്ഥാന കോൺഫ്രൻസ് മെയ് മാസത്തിലും നടത്തേണ്ടതാകുന്നു.

6. ജില്ലാ തലത്തിലെ കമ്മിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കും. അത്തരം തെരഞ്ഞെടുപ്പുകളിൽ സംസ്ഥാന കമ്മിറ്റിയുടെ പ്രതിനിധി റിട്ടേണിംഗ് ഓഫീസറായി പ്രവർത്തിക്കേണ്ടതാകുന്നു.

7. സംസ്ഥാന കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ നിലവിലെ സംസ്ഥാന കമ്മിറ്റിയിലെ സീനിയറായിട്ടുള്ളതും തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയല്ലാത്തതുമായ ഒരംഗത്തെ റിട്ടേണിംഗ് ഓഫിസറായി തെരഞ്ഞെടുപ്പിനു മുന്നോടിയായി സംസ്ഥാന സമിതി നിയമിക്കേണ്ടതാണ്. അങ്ങനെ നിയമിക്കപ്പെടുന്ന റിട്ടേണിംഗ് ഓഫീസർ കുറഞ്ഞത് ഒരു മാസമെങ്കിലും മുമ്പായി തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും നാമനിർദ്ദേശ പത്രികകൾ സ്വീകരിച്ച് ഈ നിയമാവലി പ്രകാരം സൂക്ഷ്മ പരിശോധന നടത്തി തെരഞ്ഞെടുപ്പിന് പത്തു ദിവസം മുമ്പ് സ്ഥാനാർത്ഥികളെ പരസ്യപ്പെടുത്തേണ്ടതുമാകുന്നു.

8. സംസ്ഥാന കമ്മിറ്റി തെരഞ്ഞെടുപ്പിൽ റിട്ടേണിംഗ് ഓഫീസറെ സഹായിക്കുന്നതിനായി സംഘടനയിൽ അംഗമായ നാലു പേരെ നിയമിക്കേണ്ടതാണ്.

9. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, വൈസ്പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ട്രഷറർ എന്നീ ഭാരവാഹികളും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും ഉൾപ്പെടുന്ന സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന കമ്മിറ്റി നിയമിക്കുന്ന റിട്ടേണിംഗ് ഓഫീസറുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

10. സാഹചര്യം ആവശ്യപ്പെടുന്നതനുസരിച്ച് റിട്ടേണിംഗ് ഓഫിസർ നിശ്ചയിക്കുന്ന പ്രകാരം രഹസ്യ ബാലറ്റു വഴിയോ പരസ്യമായോ സമ്മതിദായകർക്ക് വോട്ടു രേഖപ്പെടുത്താവുന്നതാകുന്നു.

11. നാമ നിർദ്ദേശം സമർപ്പിക്കാനുള്ള അവസാന തീയതിക്കു ഒരു മാസമെങ്കിലും മുമ്പ് അംഗത്വമെടുക്കാത്ത വ്യക്തിക്ക് സംഘടനയുടെ തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

12. സ്ഥാനമൊഴിയുന്ന കമ്മിറ്റി അംഗങ്ങൾക്ക് വീണ്ടും തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള .യോഗ്യത ഉണ്ട്.

13. റിട്ടേണിംഗ് ഓഫീസർ വോട്ടെടുപ്പു നടത്തി സംസ്ഥാന കോൺഫറൻസിൽ തന്നെ ഫലപ്രഖ്യാപനം നടത്തേണ്ടതാണ്.

14. സംസ്ഥാന കമ്മിറ്റി തെരഞ്ഞെടുപ്പിനുള്ള ചെലവ് സംസ്ഥാന കമ്മിറ്റി വഹിക്കേണ്ടതാകുന്നു.

15. ഒരംഗത്തിന് ഒരേസമയം സംഘടനയുടെ രണ്ടു ഭാരവാഹിത്വങ്ങൾ വഹിക്കുന്നത് അനുവദനീയമല്ല.

16. ഏതെങ്കിലും ഒരു കമ്മിറ്റി അംഗത്തിന്റെ മരണം, രാജി എന്നിവ മൂലമുള്ള ഒഴിവിലേക്ക് ബന്ധപ്പെട്ട കമ്മിറ്റിക്ക് മറ്റൊരംഗത്തെ കോ-ഓപ്റ്റ് ചെയ്യേണ്ടതാണ്.

## XXV. മുദ്ര

1. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി രൂപകൽപന ചെയ്ത് സംസ്ഥാന കമ്മിറ്റി അംഗീകരിച്ച ഒരു ഔദ്യോഗിക മുദ്ര സംഘയനയ്ക്ക് ഉണ്ടായിരിക്കേണ്ടതാകുന്നു.

2. എല്ലാ തലങ്ങളിലുമുള്ള കമ്മിറ്റികൾ അതാത് കമ്മിറ്റിയുടെ പേരോടു കൂടി ഈ ഔദ്യോഗിക മുദ്ര ഉപയോഗിക്കേണ്ടതാകുന്നു.

3. സംഘടനയുടെ ഔദ്യോഗിക മുദ്ര ജനറൽ സെക്രട്ടറിയുടെ പക്കൽ സൂക്ഷിക്കേണ്ടതാണ്.

## XXVI. പതാകയും എംബ്ലവും

1. മുകളിലും താഴെയും കടൽനീലയും നടുക്ക് വെള്ളനിറവുമുള്ള തിരശ്ചീനാകൃതിയിലുള്ളതും 2x3 വിസ്തീർണ്ണമുള്ളതുമായ പതാക സംഘടനയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. പതാകയിലെ വെളുത്ത ഖണ്ഡത്തിനു ഒത്ത നടുക്കായി സംഘടനയുടെ എംബ്ലം കടൽനീല നിറത്തിൽ ആലേഖനം ചെയ്തിരിക്കണം.

## XXVII. ഭേദഗതികൾ

1. ഈ ചട്ടങ്ങളും നിയന്ത്രണങ്ങളും കാലാകാലങ്ങളിൽ ഭേദഗതി ചെയ്യാനോ കൂട്ടിച്ചേർക്കാനോ സംസ്ഥാന വാർഷിക കോൺഫറൻസിൽ ഹാജരുള്ള അംഗങ്ങളിൽ 3/4 പേരുടെ സമ്മതിയോടെ പാസ്സാക്കുന്ന ഒരു പ്രമേയത്തിലൂടെ സാധ്യമാകുന്നതാകുന്നു. 1955ലെ സൊസൈറ്റീസ് ആക്ടിന്റെ 12ആം സെക്ഷന് വിധേയമായിട്ടായിരിക്കും ഭേദഗതികൾ നിർവഹിക്കേണ്ടത്.

## XXVIII. അച്ചടക്ക നടപടികൾ

1. സംഘനയുടെ ചട്ടങ്ങളും നിയന്ത്രണങ്ങളും ലംഘിക്കുകയോ സംഘടനയുടെ കീർത്തി നശിപ്പിക്കുക എന്ന ദുരുദ്ദേശ്യത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുന്ന അംഗങ്ങൾക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊള്ളുവാൻ സംഘടനയ്ക്ക് അധികാരമുണ്ട്.

2. ശകാരം, സസ്പെൻഷൻ, പുറത്താക്കൽ എന്നിവയാണ് അംഗങ്ങൾക്കെതിരെ സംഘടന സ്വീകരിക്കുന്ന ശിക്ഷാ നടപടികൾ.

3. ശിക്ഷാ നടപടി ക്രമങ്ങൾക്കു മുന്നോടിയായി, അച്ചടക്ക നടപടിക്കു വിധേയനാകുന്ന അംഗത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതും, അംഗത്തിനു നേരിട്ടോ എഴുത്തിലൂടെയോ പറയാനുള്ളത് അച്ചടക്ക നടപടി സ്വീകരിക്കുന്ന കമ്മിറ്റി കേൾക്കേണ്ടതുമാകുന്നു.

4. അച്ചടക്ക നടപടിക്കെതിരെ അംഗങ്ങൾക്ക് അച്ചടക്ക നടപടി സ്വീകരിച്ച കമ്മിറ്റിക്ക് പുനഃപരിശോധനാ പരാതി നൽകാവുന്നതും സംസ്ഥാന കോൺഫറൻസു വരെയുള്ള ഉയർന്ന സമിതികളിൽ അപ്പീൽ നൽകാനും അവകാശമുണ്ടായിരിക്കുന്നതാണ്.

## XXIX. നിയമാവലി പ്രാബല്യത്തിൽ വരുന്ന തീയതി

1. സംഘടനയുടെ ഈ ചട്ടങ്ങളും നിയന്ത്രണങ്ങളും സംഘടന ജില്ലാ രജിസ്ട്രാർ ഓഫ് സൊസൈറ്റിസ് ഓഫിസിൽ രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാകുന്നു.